# തൂലിക

Newsletter of
Jesus Youth
Dubai
Issue 539
12 October 2018
www.thoolikaa.net



ആ തിരുഹിതം അറിയുവാൻ
## എപ്പോഴെങ്കിലും?
നാം ശ്രമിച്ചിട്ടുണ്ടോ

പേജ്... 4

“സൃഷ്ടപ്രപഞ്ചം ദൈവമക്കളുടെ വെളിപ്പെടുത്തലിനെ
ആകാംക്ഷയോടെ കാത്തിരിക്കുന്നു.”

റോമാ 8:19

ലക്കം 539
2018 ഒക്ടോബർ 12

# തൂലിക

ജീസസ് യൂത്ത് ദുബായിയുടെ വാരാന്ത്യ പതിപ്പ്

http://thoolikaa.net

## ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 03 |
| ലേഖനം | 04 |
| കാർട്ടൂൺ | 05 |
| വിശുദ്ധരുടെ ജീവിതങ്ങൾ | 06 |
| മിഷൻ അനുഭവങ്ങൾ | 07 |
| യൂകാറ്റ് കോർണർ | 08 |
| വാർത്ത | 09 |
| ഹൃദ്യസ്ഥമാക്കാൻ ഒരു വചനം | 10 |
| അറിയിപ്പുകൾ | 10 |




## സോണൽ കൂട്ടായ്മകൾ

| | |
|---|---|
| കരാമ | നിഷ 056 4897592 |
| | ശനി 8:30 pm 9:30 pm |
| ബർദുബായ് | റോബിൻ 050 9528192 |
| | ശനി 8:30 pm 9:45 pm |
| ലുലുവില്ലേജ് | ആൻസി 052 7539188 |
| | ഞായർ 8:30 pm 10:00 pm |
| അൽനാഹ്ദ | ജോസഫ് ജോൺ 050 5642090 |
| | ബുധൻ 8:15 pm 10:00 pm |
| അൽഖിസൈസ് | ജസ്റ്റിൻ 055 799 5582 |
| | ശനി 8:30 pm 10:00 pm |
| സോനാപൂർ | ഫ്രാൻസിസ് 055 2631672 |
| | ബുധൻ 8:30 pm 10:00 pm |
| അൽഖൂസ് | ഡയസ് 050 9197658 |
| | ബുധൻ 8:15 pm 9:30 pm |
| റാഷിദിയ | ലിജോ കുരുവിള 050 9414120 |
| | തിങ്കൾ 8:30 pm 09:30 pm |

| | |
|---|---|
| മുത്തീന | ഷാഫി 055 2857170 |
| | ബുധൻ 8:00 pm 9:30 pm |
| അൽബറാഹ | ക്രിസ്റ്റി 055 4741102 |
| | ഞായർ 8:30 pm 9:45 pm |
| സത്വ | തോമസ് 050 8761385 |
| | ഞായർ 8:15 pm 9:30 pm |
| ഹോർ അൽ ആൻസ് | |
| | ബിനീഷ് 055 7484850 |
| | ശനി 8:15 pm 9:45 pm |
| ഇന്റർനാഷ്ണൽ സിറ്റി | ഷോൺ 055 7135314 |
| | ചൊവ്വ 8:30 pm 10:00 pm |
| സിലികോൺ ഒയാസിസ് | ജോർമ്മി 052 9783044 |
| | വ്യാഴം 10:00 pm 11:00 pm |

## മൊഴിമുത്തുകൾ

"ദൈവം മനുഷ്യവംശത്തിന് ഒരു യുവതിയെയല്ല
പിന്നെയോ ഒരു അമ്മയെയാണ് നല്കിയത്"

വാഴ്ത്തപ്പെട്ട അഡോൾഫ് കോൾപിങ്(1813-1865)
തൊഴിലാളികളുടെയും കൈത്തൊഴിൽക്കാരുടെയും അപ്പസ്തോലൻ

# ഉണരട്ടെ
# ഉള്ളിലെ കുഞ്ഞുമിഷണറി...

ഞായറാഴ്ച കുർബാനയ്ക്ക് ഇടയ്ക്കുള്ള അറിയിപ്പിന്റെ സമയം. വികാരിയച്ചൻ വിളിച്ചുപറയുന്നു അടുത്ത ഞായറാഴ്ച മിഷൻ ഞായറാഴ്ച്ച ആണ്, ഈ വർഷത്തെ മിഷൻ സംഭാവനകൾ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുവാനാണ് ഉപയോഗിക്കുന്നത്. അതുകൊണ്ട് അതിൽ പങ്കെടുക്കുവാനായി കുട്ടികൾ എല്ലാവരും ശനിയാഴ്ച്ച രാവിലെ 8:30നു തന്നെ പള്ളിയിൽ എത്തിച്ചേരണം. തോമസുകുട്ടിയും ടോണിയും ആൻമരിയയുമെല്ലാം പരസ്പരം നോക്കി. അവരുടെ കണ്ണുകൾ സന്തോഷംകൊണ്ടു തിളങ്ങി. കുർബാന കഴിഞ്ഞു ഇറങ്ങിയപ്പോൾതന്നെ അവർ വട്ടംകൂടി ചർച്ച ചെയ്യുവാൻ തുടങ്ങി. കഴിഞ്ഞവർഷത്തെപ്പോലെ ഇത്തവണയും എല്ലാവർക്കും ഒരുമിച്ചു കൂട്ടായ്മകളിലെ പരമാവധി വീടുകളിൽ കയറിയിറങ്ങണം. അവർ തരുന്ന കൊച്ചുകൊച്ചു സാധനങ്ങൾ ശേഖരിച്ച് പള്ളിയിൽ എത്തിക്കണം. അതൊക്കെയോർത്തപ്പോൾ എത്രയും വേഗം ശനിയാഴ്ച ആയാൽ മതിയെന്ന ചിന്തയിലായി കുട്ടികൾ ഓരോരുത്തരും...

പ്രിയപ്പെട്ടവരേ, നമ്മുടെ ഓരോരുത്തരുടെയും ഉള്ളിൽ ഇന്നും ആ കുഞ്ഞു മിഷണറി ഒളിഞ്ഞുകിടപ്പില്ലേ. അന്നത്തെ ആ സന്തോഷം ഒന്നുകൂടി അനുഭവിക്കുവാൻ നമുക്ക് ആഗ്രഹമില്ലേ. കുട്ടിക്കാലത്തു നമ്മുടെയൊക്കെ ഉള്ളിൽ രൂപാന്തരപ്പെട്ട ആ മിഷൻ ചൈതന്യം പകർന്നുനല്കിക്കൊണ്ട് അനേകർക്കുമുന്നിൽ സാക്ഷികളാകേണ്ടവരാണ് നാമെല്ലാവരും. ജീസസ് യൂത്ത് മുന്നേറ്റത്തോട് ചേർന്നുനിൽക്കുന്ന നാമോരോരുത്തരും വിളിക്കപ്പെട്ടവരാണ്. ഇന്നിന്റെ മിഷണറിയാവാൻ... അവന്റെ വയലിലെ നല്ല വേലക്കാരാകുവാൻ..

**"നിങ്ങൾ ലോകമെങ്ങും പോയി സകലസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ"** എന്ന ഗുരുവചനം നെഞ്ചോടുചേർത്തുകൊണ്ട് പാവപ്പെട്ടവരിലും വേദനിക്കുന്നവരിലും എല്ലാം എന്റെ ക്രിസ്തുവിന്റെ മുഖം ദർശിക്കുവാൻ എനിക്കും കഴിയണം. അതിനായി ഞാനും ഇറങ്ങിത്തിരിക്കണം, അവരുടെയിടയിലേക്ക്. അതിനായി നമ്മുടെയൊക്കെ ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന ആ കുഞ്ഞുമിഷണറി ഉണർന്നെഴുന്നേൽക്കട്ടെ...നമുക്കും കടന്നുചെല്ലാം..ലോകത്തിന്റെ അതിർത്തികളോളം..സ്നേഹത്തിന്റെ സുവിശേഷവുമായി...അതിനായി ദൈവം നമ്മെ അനുഗ്രഹിക്കട്ടെ..

സ്നേഹപൂർവ്വം,
റിജോ മണിമല
എഡിറ്റർ



# ഇതാ ഞാൻ........എന്നെ അയച്ചാലും

**(ഏശയ്യ6:8)**

ജനതകളുടെ ഇടയിൽ അവിടുത്തെ പ്രവർത്തികൾ വിളംബരം ചെയ്യുവാനും നസറായന്റെ സ്വപ്നം സഫലമാക്കുവാനുമായി വിളിക്കപ്പെട്ട അപ്പസ്തോലന്മാരാണ് ഓരോ ജീസസ് യൂത്തും. "സൃഷ്ടപ്രപഞ്ചം ദൈവമക്കളുടെ വെളിപ്പെടുത്തലിനെ ആകാംഷയോടെ കാത്തിരിക്കുന്നു."(റോമാ 8:19) ഈ തിരുവചനം നമ്മിലുള്ള സുവിശേഷ പ്രഘോഷണ തീക്ഷ്ണത കൂട്ടുവാൻ പ്രചോദനമാകുന്നു. പ്രപഞ്ചത്തിലെ ഓരോ സൃഷ്ടികയും വചനത്തിനായി ദാഹിക്കുന്നു. ഈ ദാഹം ശമിപ്പിക്കുന്ന ജീവജലത്തിന്റെ അരുവികൾ ഒഴുക്കുവാനായി സ്വന്തം ജീവൻ പോലും പണയപ്പെടുത്തി വനാന്തരങ്ങളിലും ലോകത്തിന്റെ വിവിധ സ്ഥലങ്ങളിലും ശുശ്രൂഷ ചെയ്യുന്ന അനേകം മിഷനറിമാരുള്ള കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.

രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കപ്പെട്ട തിരുസഭയ്ക്ക് അനേകം മിഷനറിമാരുടെ സമർപ്പണ ജീവിതം നമുക്കു പ്രചോദനമായി തുറന്നുകാട്ടുവാൻ സാധിക്കും. കേവലം ഒന്നോ രണ്ടോ ആഴ്ച്ചക്കാലം മാത്രം ജീവിച്ചിരിക്കുന്ന പൂമ്പാറ്റ എത്ര മനോഹരമായാണ് അതിന്റെ കർത്തവ്യം പൂർത്തിയാക്കുന്നത്. പ്രപഞ്ച സൃഷ്ടാവ് ഈ ഭൂമിയിലേക്ക് നമ്മെ അയച്ചിരിക്കുന്നത് ഓരോ കർത്തവ്യം ഏൽപ്പിച്ചുകൊണ്ടാണ്. അവിടുത്തെ ഹിതം നിറവേറ്റി അനേകർക്കിടയിൽ അവിടത്തെ കൊടുക്കുന്നവരായി മാറുവാനാണ് അവിടുന്ന് നമ്മെ അയച്ചിരിക്കുന്നത്. ആ തിരുഹിതം അറിയുവാൻ എപ്പോഴെങ്കിലും നാം ശ്രമിച്ചിട്ടുണ്ടോ? നിന്ദനവും പീഡനവും ഏറ്റുവാങ്ങി മരക്കുരിശിൽ സ്വന്തം ജീവൻ ബലികഴിച്ചു ദൈവഹിതം നിറവേറ്റിയ ഏകരക്ഷകനായ യേശുക്രിസ്തുവിന്റെ കണ്ണുകൾ ഇന്നും പ്രതീക്ഷയോടെ നമ്മെ ഉറ്റുനോക്കുന്നുണ്ട്. "എന്റെ ശക്തി നിനക്ക് കാണിച്ചുതരാനും അങ്ങനെ എന്റെ നാമം ലോകം മുഴുവൻ പ്രഘോഷിക്കപ്പെടാനും വേണ്ടിയാണ് ഞാൻ നിന്നെ ജിവിക്കാൻ അനുവദിച്ചത്."(പുറപ്പാട് 9:16) ചങ്കിൽ തൊടുന്ന ഈ തിരുവചനം നമ്മുടെയൊക്കെ ഉള്ളിലേക്ക് ആഴ്ന്നിറങ്ങണം. ഒരു നിമിഷം കൊണ്ട് പൊട്ടിപോകുന്ന നീർപ്പോള പോലെ, ഒരു കാറ്റടിച്ചാൽ കൊഴിഞ്ഞു വീഴുന്ന പൂവിതളുകൾ പോലെ നശ്വരമാണ് ഓരോ മനുഷ്യജീവിതവും. ഈ ഒരു ബോധ്യം നമ്മുടെയൊക്കെ ജീവിതത്തിൽ ആഴപ്പെടേണ്ടിയിരിക്കുന്നു.

"ലോകത്തിലെ ഉന്നത സ്ഥാനങ്ങളിലൂടെ നിന്നെ ഞാൻ സവാരി ചെയ്യിക്കും."(ഏശയ്യ 58:14) നസറായൻ എന്റെ മനസ്സിൽ മിഷൻ ആഗ്രഹം പാകിയത് ദുബായ് ജീസസ് യൂത്തിലൂടെയാണ്. കരുണയുടെ വർഷത്തിൽ കരുണയുടെ വാതിലിലൂടെ സ്നേഹനാഥന്റെ അരികിൽ കടന്നെത്തി 400ഓളം വരുന്ന ദുബായ് ജീസസ് യൂത്തിന്റെ മുമ്പിൽ നിന്നപ്പോൾ നാവിൽ നിന്നുതിർന്ന ഒരു വാചകമാണ് "യേശുവിനുവേണ്ടി ആരു പോകും." ഈ ചിന്ത എന്റെ ഹൃദയത്തെ കീറിമുറിച്ചു. അവനുവേണ്ടി ഇറങ്ങുവാനുള്ള ആഗ്രഹം എന്റെയുള്ളിൽ ജ്വലിക്കുവാൻ തുടങ്ങി. യേശുവിന്റെ വിളി കാതിൽ പതിഞ്ഞപ്പോൾ എന്റെ ജീവിതത്തിലെ സാഹചര്യങ്ങളും മാറിമറിഞ്ഞു. 2വർഷത്തെ വിസ കാലാവധി കഴിഞ്ഞപ്പോൾ വിസ പുതുക്കുവാൻ വീട്ടുകാരും കൂട്ടുകരും എല്ലാം നിർബന്ധിച്ചു. എന്നാൽ എന്റെ തീരുമാനം ജോലി ഉപേക്ഷിക്കുക എന്ന

തായിരുന്നു. കുടുംബത്തിൽ സാമ്പത്തിക പ്രതിസന്ധികൾ നേരിട്ടപ്പോഴും കുറ്റപ്പെടുത്തലുകളും ഭീതിപ്പെടുത്തുന്ന വാക്കുകളും എന്റെ നേരെ വന്നപ്പോഴും യേശുനാഥൻ എന്നെ കൈപിടിച്ചു നടത്തി.

യേശുവിനു വേണ്ടി ചൈനയിലേക്കും ആഫ്രിക്കയിലേക്കും പോകാൻ ആഗ്രഹിച്ച എന്നെ അങ്ങനെ അവൻ ജാർഖണ്ഡിലേക്കു കൂട്ടികൊണ്ടുപോയി. അവിടുത്തെ ആദിവാസി ഗോത്രക്കാരുടെ ഊരിൽ 3 മാസക്കാലത്തോളം ഈശോയുടെ സുവിശേഷം പ്രഘോഷിക്കുവാൻ ദൈവം അവസരം നൽകി. കൊലപാതകങ്ങളും ആക്രമണങ്ങളും കൂടുതൽ നടക്കുന്ന സമയമാണ്, അതുകൊണ്ട് അവിടേക്ക് പോകരുത് എന്നൊക്കെ പറഞ്ഞുകൊണ്ട് പലരും ഭയപ്പെടുത്താൻ ശ്രമിച്ചു. അവിടേക്ക് കടന്നു ചെന്നാൽ നീയും വെടികൊണ്ട് മരണപ്പെടും എന്നുള്ള വാക്കുകൾ കാതിൽ പതിഞ്ഞപ്പോൾ നസറായൻ എന്റെ ഹൃദയത്തിൽ മെല്ലെ മന്ത്രിച്ചു, "ഭയപ്പെടേണ്ട ഞാൻ നിന്റെ കൂടെയുണ്ട്. വാക്കു പറഞ്ഞവൻ വാക്കുമാറ്റില്ല." വാഗ്ദാനങ്ങളിൽ വിശ്വസ്തനായവൻ എന്നെ ഉള്ളംകൈയ്യിൽ താങ്ങി നടത്തി. മലേറിയ പോലുള്ള രോഗങ്ങളിൽ നിന്നും പാമ്പുകളുടേയും വന്യമൃഗങ്ങളുടേയും ഉപദ്രവങ്ങളിൽ നിന്നും നക്സൽ മാവോയിസ്റ്റ് ആക്രമണങ്ങളിൽ നിന്നുമെല്ലാം കാത്തുരക്ഷിച്ചുകൊണ്ട് എന്റെ വിശ്വാസത്തെ ദിനംപ്രതി അവിടുന്ന് വർദ്ധിപ്പിച്ചു.

സെഫാനിയ 3:9ൽ ദൈവത്തിന്റെ തിരുവചനം അരുളിച്ചെയ്യുന്നു, "കർത്താവിന്റെ നാമം ജനതകൾ വിളിച്ചപേക്ഷിക്കാനും ഏകമനസ്സോടെ അവിടുത്തേക്ക് ശുശ്രൂഷ ചെയ്യാനും വേണ്ടി അന്ന് ഞാൻ അവരുടെ

തുടർച്ച... പേജ് 8

## കാർട്ടൂൺ



## അന്തിയോക്യായിലെ വി.ഇഗ്നേഷ്യസ് (107)

**മെത്രാൻ-രക്തസാക്ഷി**



വി.മത്തായിയുടെ സുവിശേഷത്തിൽ (മത്താ.18:2-4) ഈശോ ഒരു ശിശുവിനെ വിളിച്ച് അപ്പസ്തോലന്മാരുടെ മദ്ധ്യേ നിറുത്തിയിട്ട്, ''നിങ്ങൾ മനസ്സു തിരിഞ്ഞ് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല; ഈ ശിശുവിനെപ്പോലെ വിനീതരാകുന്നവരത്രേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക'' എന്നരുൾ ചെയ്തു. ഈ ശിശുവാണ്, ഇഗ്നേഷ്യസ് എന്നപേരിൽ എവോരിയൂസിന്റെ മരണശേഷം 69-ൽ അന്തിയോക്യായിൽ മെത്രാനായതെന്ന് ഒരു പാരമ്പര്യമുണ്ട്.

ഇഗ്നേഷ്യസ് വി. യോഹന്നാന്റെ ശിഷ്യനായിരുന്നു. കർത്താവിന്റെ സ്നേഹത്തോടും താല്പര്യത്തോടും കൂടിയാണ് തന്റെ അജഗണത്തെ ഇഗ്നേഷ്യസ് നയിച്ചിരുന്നത്. സിറിയായിലെ മെത്രാൻമാരെല്ലാം ഇഗ്നേഷ്യസിന്റെ ഉപദേശം ആരാഞ്ഞശേഷമേ കാര്യങ്ങൾ നിർവ്വഹിച്ചിരുന്നുള്ളു.

സ്മിർണായിലെ വിശ്വാസികൾക്ക് എഴുതിയ കത്തിൽ ഇപ്രകാരം കാണുന്നു, ''വി. കുർബ്ബാനയിൽ നിന്ന് മാറി നിൽക്കുന്നവർക്ക് വേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുക. അത് ( വി. കുർബ്ബാന) നമുക്ക് വേണ്ടി മരിച്ച യേശുക്രിസ്തുവിന്റെ ശരീരമാണന്ന് അവർ വിശ്വസിക്കുന്നില്ല.'' വി. കുർബ്ബാന സ്വീകരിക്കുന്നവരോട് ഇഗ്നേഷ്യസ് ഇപ്രകാരം പറഞ്ഞു: ''നിങ്ങളുടെ ശരീരത്തെ ദൈവത്തിന്റെ പരിശുദ്ധ ആലയം പോലെ സൂക്ഷിക്കുക, ഐക്യത്തെ പോഷിപ്പിക്കുക, ഛിദ്രങ്ങൾ വർജ്ജിക്കുക. ക്രിസ്തു പിതാവിനെ അനുകരിക്കുന്നതുപോലെ നിങ്ങൾ ക്രിസ്തുവിനെ അനുകരിക്കുവിൻ''

ട്രാജൻ ചക്രവർത്തി 105-ൽ മതമർദ്ദനം തുടങ്ങി. പാർത്ഥ്യാസമരത്തിൽ നിന്നുമടങ്ങുമ്പോൾ ഇഗ്നേഷ്യസിനെ വിളിച്ചു ചോദിച്ചു: ''ഈ നാട്ടിലെ ജനങ്ങളെ ക്രിസ്തുവിന്റെ നിയമം പഠിപ്പിച്ച് വഞ്ചിക്കുന്ന പിശാച് താങ്കളാണോ?'' ''ഞാൻ പിശാചല്ല, ദൈവദാസരെ കാണുമ്പോൾ പിശാച് ഓടുന്നു. ഞാൻ ഈശോയുടെ പുരോഹിതനാണ്, എനിക്ക് ജൂപ്പിറ്ററിന്റെ പിശാച് ആകേണ്ടാ'' എന്നായിരുന്നു മറുപടി. ട്രാജൻ ഉടനെ കൽപ്പിച്ചു, ''ഇയാളെ റോമിൽ കൊണ്ടു പോയി പൊതുവിനോദ ദിവസം ക്രൂരമൃഗങ്ങൾക്കു ഭക്ഷണമായി നൽകുക.'' ''കർത്താവേ, അങ്ങയിലുള്ള വിശ്വാസത്തെ പ്രതി എന്റെ ജീവൻ ബലിചെയ്തു അങ്ങയോടുള്ള എന്റെ സ്നേഹം പ്രകടിപ്പിക്കാൻ സാധിക്കുന്നതിനു ഞാൻ നന്ദി പറയുന്നു'' എന്ന് പ്രാർത്ഥിച്ച ശേഷം ചങ്ങലയിൽ ബന്ധിക്കാനായി ഇഗ്നേഷ്യസ് കൈ നീട്ടിക്കൊടുത്തു. യാത്രാമദ്ധ്യേ മെത്രന്മാരും വൈദീകരും അത്മായരും അദ്ദേഹത്തെ സ്വീകരിക്കാൻ ചെന്നു. സ്മീർണായിൽ വച്ച് പൊളിക്കാർപ്പിനെ അഭിവാദ്യം ചെയ്തു. അവിടെ നിന്ന് എഫേസ്യർക്കെഴുതിയ കത്തിൽ ഇപ്രകാരം കാണുന്നു: ''ഞാൻ എന്റെ ശൃംഖല ക്രിസ്തുവിനെ പ്രതി വഹിക്കുന്നു. അതിനെ ഏതൊരു നിധിയേക്കാളും ഞാൻ വിലമതിക്കുന്നു. അത് എനിക്ക് ആത്മീയ പവിഴമാലയാണ്.''

തുടർച്ച... പേജ് 8

ജീസസ് യൂത്ത് ഒരുക്കുന്ന മിഷൻ അവസരങ്ങൾ അനേകമാണ്. അതിൽ ചിലതിനെ പരിചയപ്പെടാം...

1. ദൈവം നൽകിയ കഴിവുകളിലൂടെ...

ഉഗാണ്ട പോലുള്ള രാജ്യങ്ങളിൽ പാട്ടുകളിലൂടെയും ഓഡിയോ വിഷ്വൽ പ്രോഗ്രാമുകളിലൂടെയും അനേകരെ ദൈവത്തിലേയ്ക്ക് ആകർഷിക്കുവാൻ സാധിക്കും. ക്യാമ്പസ് പ്ലേയും മറ്റ് തെരുവ് നാടകങ്ങളും, നല്ല സന്ദേശങ്ങൾ നൽകുന്ന എക്സിബിഷനുകളും സംഗീത പരിപാടികളും സംഘടിപ്പിക്കുവാനുള്ള അവസരങ്ങൾ ഉണ്ട്. കുറച്ചു ദിവസങ്ങൾ മാറ്റിവച്ച് ദാനമായി ലഭിച്ചിരിക്കുന്ന കഴിവുകൾ ഉപയോഗിച്ച് മിഷൻ ചെയ്യുവാൻ ആഗ്രഹിച്ചുകൂടെ..?

2. ടെക് മിഷനറീസ്

ആധുനിക ലോകത്തിൽ സാങ്കേതികവിദ്യകളുടെ സ്വാധീനം വളരെ വലുതാണ്. തിന്മയുടെ ശക്തികൾ ലോകത്തെ നശിപ്പുക്കുവാനായി ഉപയോഗിക്കുന്ന ഈ ആയുധം വച്ചു തന്നെ നമുക്ക് തിരിച്ചടിച്ചാലോ..? നാം നേടിയെടുത്ത സാങ്കേതിക തികവ് ദൈവത്തിനായി ഉപയോഗിക്കാം. താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങളിൽ പ്രാവീണ്യം ഉള്ളവർക്ക് ടെക് മിഷനറികളാകാൻ അവസരം ഉണ്ട്.

- *UI/UX Designers*
- *PHP/.NET Programmers*
- *Andriod Developers*
- *IOS Developers*
- *Game Developers*
- *Graphic Designers*
- *SEO Specialists*
- *Social Media Specialists*
- *3D Animators*
- *Video /Sound Editors*
- *Videographers/Photographers*
- *Content Writers*

3. *LSS* ട്രെയ്നിങ്ങ്

ഇടതടവില്ലാതെ ദുബായിൽ നടത്തുന്ന *LSS* ട്രെയ്നിങ്ങ് മിഷൻ രാജ്യങ്ങളിൽ നടത്താൻ സഹായിക്കാമോ..? നമ്മളിൽ പലർക്കും ഒരു റിസോഴ്സ് പേഴ്സൺ ആയോ അല്ലെങ്കിൽ മ്യൂസിക്, സ്കിറ്റ് എന്നിങ്ങനെയുള്ള കാര്യങ്ങളിൽ സഹായമാകുന്ന ഒരു ടീമായി ഉഗാണ്ട പോലുള്ള രാജ്യങ്ങളിൽ പോയി *LSS* ട്രെയ്നിങ്ങ് നടത്തുന്നതിനെ കുറിച്ച് ആലോചിച്ചുകൂടെ...?

4. ഇൻലന്റ് മിഷൻ

നാം ആയിരിക്കുന്ന രാജ്യത്ത് എത്രപേർ ക്രിസ്തുവിനെ അറിഞ്ഞിട്ടുണ്ടാകും...? ഒരാഴ്ചയെങ്കിലും അവധിയെടുത്ത് ആയിരിക്കുന്ന സ്ഥലങ്ങളിൽ ഫുൾടൈം ഔട്ട്റീച്ച് ചെയ്യുന്നതിനുള്ള കൃപയ്ക്കായി പ്രാർത്ഥിച്ചാലോ...?

5. *One Month MIssion*

മിഷൻ എന്നതിനെ കൂടുതൽ അനുഭവിച്ചറിഞ്ഞ് ഒരു യഥാർത്ഥ മിഷനറിയാകുവാനുള്ള ഫോർമേഷൻ ഇതിലൂടെ ലഭിക്കും. അനേകം ജീസസ് യൂത്തുകൾ മിഷനുവേണ്ടി ഒരു മാസം മാറ്റി വെയ്ക്കുന്നു. സ്വന്തം ജീവിതത്തിലെ ഏറ്റവും സന്തോഷപ്രദമായിരുന്ന കാലയളവായിരുന്നു മിഷനു വേണ്ടി മാറ്റിവയ്ക്കപ്പെടുന്ന ആ ഒരു മാസം എന്ന് അവർ സാക്ഷപ്പെടുത്തുന്നു. ഉഗാണ്ട, നോർത്ത് ഇന്ത്യ, കംബോഡിയ, ശ്രീലങ്ക, പാപുവ ന്യൂ ഗിനിയ തുടങ്ങിയ രാജ്യങ്ങളിൽ മിഷൻ അവസരങ്ങൾ ഉണ്ട്. ഈ മിഷൻ അനുഭവത്തിനായി ഒരുങ്ങിയാലോ..?

6. ഫുൾടൈമർഷിപ്പ്

ഒരു വർഷം മുഴുവൻ യേശുവിനായി മാറ്റിവയ്ക്കുന്ന ജീസസ്

തുടർച്ച... പേജ് 11

# നിങ്ങളുടെ സംശയവും സഭയുടെ ഉത്തരവും

### 148.കന്യാമറിയത്തിനു യഥാർത്ഥത്തിൽ നമ്മെ സഹായിക്കാൻ കഴിയുമോ?

ഉവ്വ്. മറിയം സഹായിക്കുന്നുവെന്ന് സഭയുടെ ആരംഭം മുതൽ അനുഭവം പഠിപ്പിക്കുന്നുണ്ട്. ഇക്കാര്യത്തിന് ദശലക്ഷക്കണക്കിന് ആളുകൾ സാക്ഷ്യം വഹിക്കുന്നു. (967-670)

മറിയം യേശുവിന്റെ അമ്മയാകയാൽ നമ്മുടെയും അമ്മയാണ്. നല്ല അമ്മമാർ എപ്പോഴും അവരുടെ മക്കൾക്കുവേണ്ടി നിലകൊള്ളും. തീർച്ചയായും ഈ അമ്മ അപ്രകാരം ചെയ്യുന്നു. ഭൂമിയിലായിരിക്കേ അവൾ മറ്റുള്ളവർക്കുവേണ്ടി യേശുവുമായി മാധ്യസ്ഥം വഹിച്ചു. ഉദാഹരണത്തിന്, കാനായിൽവച്ച് ഒരു മണവാളനെയും മണവാട്ടിയെയും സംഭ്രമത്തിൽ നിന്നു രക്ഷിച്ചു. പെന്തക്കുസ്താദിവസം ഊട്ടുശാലയിൽ അവൾ ശിഷ്യരുടെയിടയിൽ പ്രാർത്ഥിച്ചു. അവൾക്കു നമ്മോടുള്ള സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല. അതുകൊണ്ട് നമ്മുടെ ജീവിതത്തിന്റെ രണ്ടു സുപ്രധാന നിമിഷങ്ങളിൽ അവൾ നമുക്കായി വാദിക്കുമെന്ന് തീർച്ചയാക്കാം: "ഇപ്പോഴും മരണ നേരത്തും"

ലേഖനം തുടർച്ച... പേജ് 5

അധരങ്ങളെ ശുദ്ധീകരിക്കും." ഈ തിരുവചനത്തിലൂടെ കടന്നുപോയപ്പോൾ ഞാൻ തിരിച്ചറിയുകയായിരുന്നു, എന്റെ ജീവിത്തിലും ഒരു ശുദ്ധീകരണം സംഭവിക്കുകയായിരുന്നു. മൂന്നു മാസക്കാലത്തെ മിഷൻ ഒരുപാട് അനുഭവങ്ങൾ എനിക്ക് സമ്മാനിച്ചു. സ്വന്തം ജീവൻ പോലും തൃണവൽഗണിച്ചുകൊണ്ട് ആദിവാസികളുടെ ഇടയിൽ ശുശ്രൂഷ ചെയ്യുന്ന പ്രിയപ്പെട്ട വൈദീകരും സന്യസ്തരും അൽമായരും ഇന്നും മനസ്സിൽ തങ്ങിനിൽക്കുന്നു. അവിടെ കണ്ടുമുട്ടിയ ഡോക്ടർ ദമ്പതികൾ അവരുടെ നാലുമക്കളുമൊപ്പം ലക്ഷങ്ങൾ വരുന്ന ശമ്പളവും സൗകര്യങ്ങളുമെല്ലാം ഉപേക്ഷിച്ചുകൊണ്ട് യേശുവിന്റെ സ്നേഹം പകർന്ന് കൊടുക്കുന്നത് കണ്ടപ്പോൾ വളരെയധികം അത്ഭുതം തോന്നി. ഈശോയുടെ സ്നേഹം പകർന്നു കൊടുക്കുന്ന അവരുടെ പിഞ്ചുകുഞ്ഞുങ്ങളും വനാന്തരങ്ങളിലൂടെ കാൽനടയായി രോഗികളെ ശുശ്രൂഷിക്കുവാനായി കടന്നുചെല്ലുന്ന ഡോക്ടറിന്റെ തീക്ഷ്ണതയുമെല്ലാം എന്റെയുള്ളിൽ ദൈവസ്നേഹത്തിന്റെ പുത്തൻ ബോധ്യങ്ങൾ നൽകി.

മൂന്നുമാസക്കാലത്തെ മിഷൻ കാലയളവിൽ വേദനകളിലും ഒറ്റപ്പെടലുകളിലുമൊന്നും തളർന്നു പോകാതെ കരംപിടിച്ചുകൊണ്ടവൻ എന്നെ കൂടെ നടത്തി. മിഷൻ കാലയളവിനു ശേഷം വീണ്ടും ദുബായിൽ ജോലി തേടി വിസിറ്റിംഗ് വിസയിൽ വന്നപ്പോൾ ഒരുപാടുപേരുടെ പരിഹാസങ്ങൾ എന്റെ നേരെയുണ്ടായി. എന്നാൽ ആ പരിഹാസങ്ങൾക്കെല്ലാം അപ്പുറം എനിക്കായി പദ്ധതി ഒരുക്കി വച്ചിരുന്നവൻ വിസ കാലാവധി തീരുന്ന അവസാന ദിവസം ഞാൻ ആഗ്രഹിച്ചതിലും മൂന്നിരട്ടിയിലധികം മെച്ചപ്പെട്ട ജോലി നൽകി എന്നെ ഇവിടെ തുടരാൻ അനുവദിച്ചു. അത്ഭുതങ്ങളും അടയാളങ്ങളും യേശുനാഥൻ എന്റെ ജീവിതത്തിൽ പ്രവർത്തിച്ചപ്പോൾ ഞാൻ തിരിച്ചറിയുകയായിരുന്നു, മിഷൻ അവിടെ അവസാനിക്കുകയല്ല ചെയ്തത്, ഇന്നും എന്റെ ജീവിതത്തിൽ ക്രൂശിതന്റെ മിഷൻ തുടർന്നുകൊണ്ടേയിരിക്കുന്നു....

ലൈഫ് ഈസ് എ മിഷൻ....മിഷൻ ഈസ് എ ഫോർമേഷൻ....

ആമേൻ.....ഹല്ലേലൂയ...

# തിരുസഭക്കുവേണ്ടി ജപമാലയും മിഖായേൽ മാലാഖയോടുള്ള പ്രാർത്ഥനക്കും ആഹ്വാനവുമായി ഫ്രാൻസിസ് പാപ്പ

വത്തിക്കാൻ സിറ്റി: എല്ലാ പൈശാചിക സ്വാധീനങ്ങളിൽനിന്നും തിരുസഭയെ സംരക്ഷിക്കുന്നതിനായി മരിയൻ മാസമായ ഒക്ടോബറിൽ ദിവസവും പരിശുദ്ധ കന്യകാമാതാവിന്റെ ജപമാലയും മിഖായേൽ മാലാഖയോടുള്ള പ്രാർത്ഥനയും ചൊല്ലി പ്രാർത്ഥിക്കുവാൻ ഫ്രാൻസിസ് പാപ്പ ആഗോള കത്തോലിക്ക സമൂഹത്തോട് ആഹ്വാനം ചെയ്തു. ജപമാലക്കൊടുവിൽ പരിശുദ്ധ കന്യകാമാതാവിന്റെ ഏറ്റവും പുരാതന മധ്യസ്ഥ പ്രാർത്ഥനയായ 'എത്രയും ദയയുള്ള മാതാവേ' എന്ന പ്രാർത്ഥന ചൊല്ലണമെന്നും പരിശുദ്ധ പിതാവ് പറഞ്ഞു.

നമ്മെ ദൈവത്തിൽ നിന്നും വേർപ്പെടുത്തുന്നതിന് വേണ്ടി നിരന്തരം പരിശ്രമിച്ചു കൊണ്ടിരിക്കുന്ന സാത്താന്റെ ശ്രമങ്ങളിൽ നിന്നും രക്ഷപ്പെടേണ്ടതിന് പരിശുദ്ധ കന്യകാ മാതാവിന്റേയും, മിഖായേൽ മാലാഖയുടേയും സഹായം അത്യാവശ്യമാണെന്നാണ് പാപ്പ പ്രസ്താവിച്ചത്. പ്രാർത്ഥനക്ക് പുറമേ അനുരഞ്ജനവും, അനുതാപവും ആവശ്യമാണെന്നും പാപ്പ കൂട്ടിച്ചേർത്തു. തന്റെ ബാൾട്ടിക് സന്ദർശനത്തിന് മുൻപായി 'വേൾഡ് നെറ്റ്‌വർക്ക് ഓഫ് പ്രെയർ ഫോർ ദി പോപ്' ന്റെ ഡയറക്ടറായ ഫാ. ഫ്രെഡറിക് ഫോർണോസ് എസ്.ജെ യുമായി കൂടിക്കാഴ്ച നടത്തുകയും തന്റെ ഈ അഭ്യർത്ഥന ലോകം മുഴുവനുമുള്ള വിശ്വാസികളിൽ എത്തിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തുവെന്നാണ് വത്തിക്കാൻ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

തിന്മയുമായുള്ള പോരാട്ടത്തിൽ ശക്തി പകരുന്ന വിശുദ്ധ മിഖായേൽ മാലാഖയോടുള്ള പ്രാർത്ഥനക്കും പാപ്പ ആഹ്വാനം ചെയ്തിട്ടുണ്ട്. നേരത്തെ സഭയിൽ ലൈംഗീകാരോപണം ഉയരുന്ന പശ്ചാത്തലത്തിൽ അന്തർദേശീയ തലത്തിൽ വിവിധ രൂപതാധ്യക്ഷന്മാർ വിശുദ്ധ കുർബാനക്കു ശേഷം വിശുദ്ധ മിഖായേൽ മാലാഖയോടുള്ള പ്രാർത്ഥന ചൊല്ലാൻ നിർദ്ദേശം നല്കിയിരുന്നു. ഇതിന് പിന്നാലെയാണ് ഫ്രാൻസിസ് പാപ്പയും പ്രാർത്ഥനയിൽ ആഴപ്പെടുവാൻ ആഹ്വാനം നൽകിയിരിക്കുന്നത്.

*വിശുദ്ധരുടെ ജീവിതങ്ങൾ... തുടർച്ച... പേജ് 6*

107-ഡിസംബർ 20-ാം തീയ്യതി അദ്ദേഹത്തെ സിംഹങ്ങൾക്ക് എറിഞ്ഞു കൊടുത്തു. വലിയ അസ്ഥികളൊഴികെ ബാക്കിയെല്ലാം അവ തിന്നു. അടുത്ത ദിവസം ഇഗ്നേഷ്യസ് തന്റെ കൂടെ യുണ്ടായിരുന്ന ഫീലോ, അഗാത്തോപ്പോഡൂസ് എന്നീ ഡീക്കന്മാർക്കു പ്രത്യക്ഷപ്പെട്ടതായി പറയപ്പെടുന്നു.

മെത്രാന്റെ നേതൃത്വത്തിൽ ദിവ്യകാരുണ്യ പരികർമ്മത്തിന് സമ്മേളിച്ചുകൊണ്ട് വിശ്വാസികൾ തങ്ങളുടെ ഇടയിൽ കൂട്ടായ്മ പുലർത്തണമെന്ന് ഇഗ്നേഷ്യസ് പ്രത്യേകം ഉൽബോധിപ്പിച്ചിട്ടുണ്ട്. ദിവ്യകാരുണ്യത്തിന്റെ ശക്തികൊണ്ട് പീഡനങ്ങളെ അതിജീവിക്കാനാകുമെന്ന് വി. ഇഗ്നേഷ്യസിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

## പ്രാർത്ഥനാ സഹായം




തൂലിക വെബ് സൈറ്റിലൂടെയും പ്രാർത്ഥനാസഹായം തേടാം നിങ്ങൾ ചെയേണ്ടത് ഇത്ര മാത്രം. www.thoolikaa.net സന്ദർശിക്കുക. ഇതിൽ കാണുന്നതുപോലുള്ള പ്രാർത്ഥനാസഹായ ഫോം പൂരിപ്പിക്കുക. ജീസസ് യൂത്ത് മിനിസ്ട്രികളുടെ പ്രാർത്ഥനകളോടൊപ്പം നിങ്ങളുടെ വിലയേറിയ നിയോഗങ്ങൾ കൂട്ടായ്മയിൽ സമർപ്പിക്കുന്നതാണ്.

## കഴിവുകളെ കർത്താവിനു വേണ്ടി ഉപയോഗിക്കാം...

നിങ്ങൾക്ക് ദൈവം തന്നിരിക്കുന്ന കഴിവുകളെ സുവിശേഷപ്രഘോഷണത്തിനായ് ഉപയോഗിക്കാമോ ? മലയാളം ടൈപ്പിങ്ങ് അറിയാവുന്നവരും ഗ്രാഫിക് ഡിസൈനേഴ്സും വരിക. ജീസസ് യൂത്ത് മീഡിയാ മിനിസട്രിയോട് ഒന്നുചേർന്ന് നമുക്ക് പ്രവർത്തിക്കാം.. Contact : 056 789 3331, 055 741 2253

## പുതിയതായി കടന്നു വരുന്നവരുടെ ശ്രദ്ധയ്ക്ക്

ജീസസ്സ് യൂത്തിന്റെ പ്രാർത്ഥനാ ഗ്രൂപ്പിലേക്ക് പുതിയതായി കടന്നു വരുന്നവർ, അവരുടെ പേരും മറ്റു വിവരങ്ങളും വെൽക്കം മിനിസ്ട്രി അംഗങ്ങളുടെ പക്കൽ നൽകുക. ജീസസ്സ് യൂത്തിനെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അറിവു നൽകുന്ന ഓറിയന്റേഷൻ ക്ലാസ്സ് ഉടനെ നടക്കുന്നതാണ്. വെൽക്കം മിനിസ്ട്രിയംഗങ്ങൾ നിങ്ങളെ അക്കാര്യം വിളിച്ചറിയിക്കുമ്പോൾ താൽപര്യപൂർവ്വം പങ്കെടുക്കാൻ ശ്രദ്ധിക്കണേ...)

## കൃതികൾ ക്ഷണിക്കുന്നു

ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ, നുറുങ്ങു ചിന്തകൾ, കാർട്ടൂണുകൾ എന്നിവ തൂലികയിലേക്ക് info@thoolikaa.net എന്ന ഈ-മെയിലിലൂടെ അയച്ചു തരുമല്ലോ?

## മലയാളം കുമ്പസാരം

തൂലിക വെബ് സൈറ്റിലൂടെയും ഇപ്പോൾ മലയാളത്തിലുള്ള കുമ്പസാരത്തിന്റെ സമയം അറിയാം; സന്ദർശിക്കുക www.thoolikaa.net

**ഇ-മെയിൽ**

ജീസസ്സ് യൂത്ത് ഗ്രൂപ്പിൽ നിന്നുമുള്ള അറിയിപ്പുകളും ജോലി സംബന്ധമായ ഒഴിവുകളെക്കുറിച്ചും അറിയുന്നതിന് നിങ്ങളുടെ ഇമെയിൽ അഡ്രസ്സ് : info@thoolikaa.net എന്നതിലേക്ക് അയക്കുക.

## ഹൃദ്യസ്ഥമാക്കാൻ ഒരു വചനം

**“എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ.ഇട വിടാതെ പ്രാർഥിക്കുവിൻ. എല്ലാക്കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ..”**

**(1 തെസ 5:16-18)**

English Mass Timings
**St. Mary's Church, Dubai**

**Friday:** 6:00 am, 7:15 am, 9:00 am, 10:15 am (Children's) 3:30 pm
(children's catechism), 4:45 pm, 6:15 pm

**Saturday:** 6:00 am, 6:45 am, 9:00 am,12 noon, 5:00 pm, 7:30 pm (Sunday obligation)

**Sunday:** 6:00 am, 6:45 am, 9:00 am,
12 noon, 4:30 pm, 6:00 pm & 7:30 pm

**Weekdays (Mon-Thu):** 6:00 am, 6:45 am,
12 noon & 7:00 pm

## കോർഡിനേറ്റേഴ്സ്

ഫാമിലി - ബെന്നി ആലഞ്ചേരി - 05 690 2721

ഫോർമേഷൻ -ഷാരോൺ 052 160 3818

*(LSS, Philip Course & Paul Course)*

## ദിവ്യബലി സമയം - മലയാളം

സെന്റ് മേരീസ് ദേവാലയം - ദുബായ്

എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കു ശേഷം 2 മണിക്ക്

ഒന്നും മൂന്നും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8 മണിക്ക്

നാലാമത്തെ ബുധനാഴ്ച വൈകുന്നേരം 8 മണിക്ക്

മലങ്കര റീത്തിൽ: എല്ലാ വെള്ളിയാഴ്ചയും രാത്രി 7:30 ന് ( മിനി ഹാൾ)

## കരിസ്മാറ്റിക് പ്രാർത്ഥനാ സമയം

- **ഉപവാസ പ്രാർത്ഥന** - ആദ്യ വെള്ളിയാഴ്ച (രാവിലെ 10:30 മുതൽ 1:30 വരെ), ക്രിസ്റ്റീൻ (രാവിലെ 10:30 മുതൽ 1:30 വരെ)
- **എല്ലാ തികളാഴ്ചയും** - വൈകുന്നേരം 7:30 മുതൽ 9:00 വരെ
- **മദ്ധ്യസ്ഥപ്രാർത്ഥന** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) രാവിലെ 8:30 മുതൽ 11:00 വരെ (റൂം നമ്പർ 4-ൽ)

## ജീസസ് യൂത്ത് - ദുബായ്

- **എല്ലാ വെള്ളിയാഴ്ചയും** (ആദ്യ വെള്ളി ഒഴികെ) - രണ്ടുമണിയുടെ ദിവ്യബലിക്കു ശേഷം (റൂം നമ്പർ 6-ൽ).
- **മദ്ധ്യസ്ഥപ്രാർത്ഥന:**
എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 8:30 മുതൽ 9:30 വരെ (റൂം നമ്പർ 4-ൽ).
- **നൈറ്റ് വിജിൽ** - മാസത്തിന്റെ ആദ്യ വ്യാഴാഴ്ചകളിൽ.
- **JY ഫാമിലി** - മാസത്തിന്റെ മൂന്നാമത്തെ വെള്ളിയാഴ്ചകളിൽ വൈകുന്നേരം 5:00 മുതൽ ജെ. വൈ. ഹോമിൽ വെച്ച്.
- **JY ടീൻസ്** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) ഉച്ചക്ക് 12 മുതൽ 2 വരെ റൂം നമ്പർ 4 ൽ വെച്ച്.
- JY English: 7:00 മുതൽ 9:00 (Saturdays)

*മിഷൻ അവസരങ്ങൾ.....* *തുടർച്ച... പേജ് 7*

യൂത്ത് ഫുൾടൈമേഴ്സ് ലോകത്തിന്റെ പല ഭാഗത്തും ഉണ്ട്. ഒരു യഥാർത്ഥ മിഷനറിയായി മാറ്റപ്പെടുന്ന ഈയൊരു കമ്മിറ്റ്മെന്റിലേയ്ക്ക് ദൈവം പ്രചോദിപ്പിക്കുന്നതിനായി പ്രാർത്ഥിക്കാമോ...?

7. *Mission with Career*

ജോലിയോടു കൂടെ മിഷനറി പ്രവർത്തനം നടത്തുവാനുള്ള അവസരവും ജീസസ് യൂത്ത് ഒരുക്കുന്നുണ്ട്. പല മിഷൻ രാജ്യങ്ങളിലും ജോലിക്കും ബിസിനസ്സിനുമായി താമസിച്ച് മിഷൻ ചെയ്യുന്ന ജീസസ് യൂത്തുകൾ ഉണ്ട്. ഇവർ തീർച്ചയായും മുന്നേറ്റത്തിന്റെ കരുത്താണ്. നഴ്സുമാർ തുടങ്ങിയവർക്ക് ജോലി അവസരവും കൃഷി ചെയ്യുവാനും ബേക്കറി പോലുള്ള ബിസിനസുകൾ നടത്തുവാനും പലയിടത്തും അവസരങ്ങൾ ഉണ്ട്. ഫുൾടൈം മിഷനറിയായി ജീവിക്കുവാനുള്ള ഭാഗ്യത്തിനായി ദൈവത്തോട് ആലോചിച്ചാലോ...?





Jesus Youth
DUBAI

**Thoolikaa** - Weekly Newsletter of Jesus Youth, Dubai
**Published By** : Jobin Augustine for Literature & Media Ministry of Jesus Youth, Dubai.
**Patron** : Rev.Fr.Alex Vachaparambil OFM Cap. **Animator** : Anil V.Antony
**Editor** : Rijo Manimala **Cover** : Rinto Varghese
**E-mail** : info@thoolikaa.net **Web** : http://thoolikaa.net